60 (2620) **കെ.എസ്.ആർ.ടി.സിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാക്ലേശം പരിഹരിക്കുന്നതിനും കെ.എസ്.ആർ.ടി.സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പഴയ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ നിരത്തിലിറക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സ്പെയർപാർട്ടുകളുടെ അഭാവംമൂലം ഷെഡ്യൂളുകൾ റദ്ദ് ചെയ്തിട്ടുണ്ടോ;

(ഇ) സ്പെയർപാർട്ടുകളുടെയും ടയറുകളുടെയും അഭാവംമൂലം സംസ്ഥാനത്ത് വിവിധ ഡിപ്പോകളിൽ കട്ടപ്പുറത്ത് എത്ര ബസ്സുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഹനങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം യാത്രാക്ലേശം പൂർണ്ണമായി പരിഹരിക്കാൻ കെ.എസ്.ആർ.ടി.സി. ക്ക് കഴിയുന്നില്ല എങ്കിലും യാത്രാക്ലേശം ലഘൂകരിക്കാനായി ദേശവൽകൃതമേഖലകൾക്കും വരുമാനം കൂടുതൽ ലഭിക്കുന്നതുമായ റൂട്ടുകൾക്കും മുൻഗണന നൽകി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ നടപടി എടുത്തിട്ടുണ്ട്. വരുമാനച്ചോർച്ച തടയുന്നതിനും കൃത്യത പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ലൈൻ ഇൻസ്പെക്ഷൻ വിഭാഗത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകൾ കൃത്യനിഷ്ടയോടും കാര്യക്ഷമമായും ഓപ്പറേറ്റ് ചെയ്യുന്നതിനായി പുതിയ ബസ്സുകൾ ഇത്തരം സർവ്വീസുകൾക്കായി വിനിയോഗിക്കുന്നതാണ്. നാഷണൽ ഹൈവേ, എം.സി റോഡ് എന്നിവയുടെ ദീർഘദൂര സർവ്വീസുകൾ കൂടുതൽ ഏർപ്പെടുത്തുന്നതാണ്. കണ്ണൂർ, കാസർഗോഡ്, കോട്ടയം-കുമളി, പാലക്കാട്-തൃശ്ശൂർ, കായംകുളം-പുനലൂർ-കുളത്തൂപ്പുഴ എന്നീ ദേശസാൽകൃത മേഖലകളിൽ സ്വകാര്യ സർവ്വീസുകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സർവ്വീസ് നടത്തുന്നതാണ്. മോട്ടോർ വാഹന നിയമത്തിനനുസൃതമായി സൂപ്പർ ഡീലക്സ്, ഡീലക്സ് തുടങ്ങിയ ഉയർന്നതരം സർവ്വീസുകൾക്ക് 2 വർഷത്തിലധികം പഴക്കമില്ലാത്ത വാഹനങ്ങൾ മാത്രമേ വിനിയോഗിക്കുകയുള്ളൂ. അതുപോലെ സൂപ്പർ-എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ് എന്നീ സർവ്വീസുകൾക്ക് 3 കൊല്ലത്തിലധികം പഴക്കമുള്ള വാഹനങ്ങൾ വിനിയോഗിക്കുന്നതല്ല. നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിനായി നിയന്ത്രിതമായ രീതിയിൽ മാത്രമേ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നുള്ളൂ. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകളെ എ, ബി, സി, ഡി വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. കൂടുതൽ വരുമാനം ലഭിക്കുന്ന എ, ബി വിഭാഗത്തിൽപ്പെട്ട സർവ്വീസുകൾ മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യാൻ നടപടികൾ എടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

423/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമ്പത്തിക ലഭ്യതയനുസരിച്ച് പരമാവധി വാഹനങ്ങൾ നിരത്തിലിറക്കുന്നതാണ്. ഇപ്രകാരം നിരത്തിലിറക്കുന്ന പുതിയ വാഹനങ്ങളിൽ കൂടുതലും പഴയവ പിൻവലിക്കുന്നതിനായി ഉപയോഗിക്കും.

(ഡി) സ്പെയർപാർട്ടുകളുടെ ലഭ്യതക്കുറവും ക്യാൻസലേഷന് കാരണമാകാറുണ്ട്.

(ഇ) പല തരത്തിലുള്ള അറ്റകുറ്റപണികൾക്കായി സംസ്ഥാനത്താകമാനമുള്ള വർക്ക്ഷോപ്പുകളിൽ ഇപ്പോൾ 366 ബസ്സുകൾ നിർത്തിയിട്ടുണ്ട്.

61 (2621) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ

<u>ശ്രീ. പി.ജെ. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും എത്ര ജീവനക്കാർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട് അവർ ആരെല്ലാം;

(ബി) ഇവർ ഏതു ഡിപ്പാർട്ടുമെന്റിൽ ഏതേതു തസ്തികയിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സൗജന്യ യാത്രാപാസ്സ് നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം;

(ഡി) എന്തു മാനദണ്ഡം അനുസരിച്ചാണ് ഇവർക്ക് പാസ് അനുവദിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) രണ്ട് ഓഫീസർമാർ ഉൾപ്പെടെ 16 പേർ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ജോലി നോക്കുന്നുണ്ട്.

(1) ശ്രീ. കെ.എസ്. വിജയൻ, എക്സി: ഡയറക്ടർ
(2) ശ്രീ. എൻ. മോഹനകുമാർ, ഡിപ്പോ എൻജി.
(3) ശ്രീ. എസ്. തോംസൻ, ഡ്രൈവർ
(4) ശ്രീ. കെ. ഹരിദാസൻ, കണ്ടക്ടർ
(5) ശ്രീ. എസ്. രാജേന്ദ്രൻ, കോച്ച് ബിൽഡർ
(6) ശ്രീ. ഐ. സതീഷ്കുമാർ, കണ്ടക്ടർ
(7) ശ്രീ. എ. ശിവരാജൻ, കണ്ടക്ടർ
(8) ശ്രീ. ബി. രാധാകൃഷ്ണൻ നായർ, സൂപ്രണ്ട്
(9) ശ്രീ. എസ്.സി. ശ്രീനിവാസൻ, യു.ഡി.സി.
(10) ശ്രീ. വി. രാജേന്ദ്രകൈമൾ, സ്പെഷ്യൽ അസിസ്റ്റന്റ്
(11) ശ്രീ. ഹേമജിത്ത്, സെലക്ഷൻ ഗ്രേഡ് കളാർക്ക്
(12) ശ്രീ. സി.എസ്. മധുസൂദനൻ നായർ, യു.ഡി.സി.
(13) ശ്രീ. ആർ. ശശികുമാർ, യു.ഡി.ടൈപ്പിസ്റ്റ്
(14) ശ്രീ. സി.എസ്. ശ്രീകുമാരൻ നായർ, സീനിയർ ഗ്രേഡ് ക്ലാർക്ക്.

LIBRARY ARCHIVES Kerala Legislative Assembly